# മാന്ത്രികക്കുരങ്ങൻ

**കഥാസാരം:** ചക്രവർത്തിയായ ഹാറൂൺ അൽ റശീദ് രാജ്ഞിയുടെ കിരീടത്തിൽ വെക്കാൻ പറ്റിയ രത്നത്തിനായി ബസ്രയിലെ അബു മുഹമ്മദ് എന്ന മടിയന്റെ  അടുത്തേക്ക് ദൂതനെ അയച്ചു. അബൂ മുഹമ്മദ് രാജധാനിയിലെത്തി ഖലീഫക്ക് ഒട്ടേറെ സമ്മാനങ്ങൾ നൽകി. പിന്നീട് തന്റെ കഥ പറയാൻ ആരംഭിച്ചു. കുട്ടിക്കാലത്ത് മടിയനായ അബു മുഹമ്മദിനെ വെള്ളി നാണയങ്ങളുമായി ഉമ്മ സമുദ്രവ്യാപാരിയായ അബു മുസാഫിറിന്റെ അടുക്കലേക്ക് അയച്ചു. ചൈനയിൽ നിന്ന് എന്തെങ്കിലും വാങ്ങി വരണമെന്ന് പറഞ്ഞ് അബൂ മുഹമ്മദ് നാണയങ്ങൾ അബൂ മുസാഫിറിനെ ഏൽപ്പിച്ചു. സാധനം വാങ്ങാൻ പക്ഷേ അദ്ദേഹം മറന്നു. മടങ്ങിവരും വഴി ദ്വീപിലെ ചന്തയിൽ നിന്നും ഒരു കുരങ്ങുകളിക്കാരനിൽ നിന്ന് അഞ്ച് വെള്ളിനാണയത്തിന് മുടി പോയ ഒരു കുരങ്ങനെ അദ്ദേഹം വാങ്ങി. കച്ചവടവും കഴിഞ്ഞ് തിരിച്ച് വരുംവഴി മുസാഫിറിനെയും കൂട്ടരെയും നരഭോജികൾ ആക്രമിക്കുകയും തുറുങ്കിലടക്കുകയും ചെയ്യുന്നു. കുരങ്ങൻ അവരെ തുറങ്കുതുറന്ന് രക്ഷിച്ചു. അവർ കുരങ്ങന് സമ്മാനങ്ങൾ നൽകി. കുറെനാൾ കഴിഞ്ഞ് മുസാഫറിന്റെ കപ്പൽ കരക്കണഞ്ഞു. അവർ കുരങ്ങനെ അബു മുഹമ്മദിനെ ഏൽപ്പിച്ചു. പിറ്റേദിവസം മുതൽ മുസാഫിറും കൂട്ടരും അബൂ മുഹമ്മദിന്റെ വീട്ടിലെത്തി. കുരങ്ങൻ വഴിയുണ്ടായ എണ്ണമറ്റ സമ്പാദ്യങ്ങൾ അവന് കൊടുത്തു. ഒരുദിവസം കുരങ്ങൻ ഒരു നിർദേശം വെച്ചു. അബു മുഹമ്മദിന്റെ വിവാഹകാര്യമായിരുന്നു അത്.






ഏറ്റവും വേഗത്തിൽ ഭ്രമണം ചെയ്യുന്ന ഗ്രഹം- വ്യാഴം




ഒരു കിലോഗ്രാം സ്വർണ്ണം- 125 പവൻ ആണ്.






ഫുട്ബോൾ കൺട്രി എന്നറിയപ്പെടുന്ന രാജ്യം- ബ്രസീൽ


കുരങ്ങൻ പറഞ്ഞതുപോലെ ചെയ്യാം.
അറയുടെ വാതിലിൽ ഒരു പിച്ചള വളയം. അതിന്റെയുള്ളിൽ ഒരു ചെറിയ താക്കോൽ!
എല്ലാം അവൻ പറഞ്ഞതുപോലെ തന്നെ!
അബു മുഹമ്മദ് അറ തുറന്നു.
എവിടെ അവൻ പറഞ്ഞ പെട്ടി?
ദാ...
കിട്ടിപ്പോയി..
(തുടരും)